STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.289/PR/SPMC/PHQ/2025 Date: 22.09.2025

## ഹോപ്പ് - എസ്.പി.സി ജോയിന്റ് അലുമിനി മീറ്റ് 2025;

## ലഹരി വിരുദ്ധ പ്രതിജ്ഞയും വാക്കത്തോണും നാളെ രാവിലെ എഴിന്

കേരളാ പോലീസിന്റെ അഭിമാന പദ്ധതികളായ ഹോപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയുടെ സംയുക്ത അലുമിനി മീറ്റിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന ലഹരിവിരുദ്ധ പ്രതിജ്ഞയും വാക്കത്തോണും നാളെ രാവിലെ ഏഴുമണിക്ക് തിരുവനന്ത പുരത്ത് കവടിയാറിൽ റിട്ടയേർഡ് ഡിജിപിയും കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോ റിറ്റി മെമ്പറുമായ ഡോ. ബി സന്ധ്യ ഫ്ളാഗ് ഓഫ് ചെയ്ത് ഉദ്ഘാടനം ചെയ്യും.

ലഹരി വിരുദ്ധസന്ദേശങ്ങളടങ്ങിയ പ്ലാക്കാർഡുകൾ ക്രമസമാധാന വിഭാഗം എ.ഡി.ജി.പി എച്ച്. വെങ്കടേഷ് പൂർവ്വവിദ്യാർത്ഥികൾക്ക് നൽകും. തുടർന്ന് തിരുവനന്ത പുരം സിറ്റി പോലീസ് കമ്മീഷണർ തോംസൺ ജോസ് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുക്കും.

കവടിയാറിൽ നിന്നും ആരംഭിക്കുന്ന വാക്കത്തോൺ കനകക്കുന്നിൽ അവസാനി ക്കും. തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജിയും സോഷ്യൽ പോലീസിംഗ് ഡയറക്ടറുമായ എസ്. അജീത ബീഗം, പോലീസ് ആസ്ഥാനത്തെ എ.ഐ.ജി പോളിസി മെറിൻ ജോസ ഫ്, തിരുവനന്തപുരം സിറ്റി ഡി.സി.പി ക്രമസമാധാനം & ട്രാഫിക് ഫറാഷ് റ്റി, മറ്റ് പോലീസുദ്യോഗസ്ഥർ, ഹോപ്പ്, എസ്.പി.സി പദ്ധതികളിൽ നിന്നുള്ള പൂർവ്വവിദ്യാർത്ഥി കൾ എന്നിവർ പങ്കെടുക്കും.

**************************